**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1937** **04-02-2026 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിൽ നടത്തിയ കായിക പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | അഴീക്കോട് മണ്ഡലത്തിലെ 2021-26 കാലത്ത് കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ; | (എ) | അഴീക്കോട് നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ, പുരോഗമിക്കുന്നവ, ആരംഭിക്കുന്നവ എന്നിവ വിശദമായി തരംതിരിച്ച് തുക ഉൾപ്പടെ രേഖപ്പെടുത്തി ലഭ്യമാക്കാമോ? | (ബി) | അഴീക്കോട് നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| നടന്നു വരുന്ന പദ്ധതികൾ | | | |
| 1 | പാപ്പിനിശ്ശേരി പഞ്ചായത്ത് ഗ്രൗണ്ടിലെ തുരുത്തി ഇൻഡോർ സ്റ്റേഡിയം | 4,89,40,300 /- | ഇൻഡോർ സ്റ്റേഡിയത്തിനായുള്ള പൈലിംഗ് പ്രവൃത്തികൾ, പൈൽ ക്യാപ്പ്, ഗ്രേഡ് ബീം, പ്ലിന്ത് ബീം, ബേയ്സ്മെൻറ് ഫില്ലിംഗ് വരെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 50% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | അഴീക്കോട് പഞ്ചായത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ നിർമ്മാണം | 69,83,000/- | ഫിറ്റ്നസ് സെന്റർ നിർമ്മാണത്തിനായി പഞ്ചായത്ത് നിർദ്ദേശിച്ച കെട്ടിടത്തിന് ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ബലം ഇല്ലാത്തതിനാൽ പ്രസ്തുത കെട്ടിടത്തിൽ ഫിറ്റ്നസ് ഉപകരണങ്ങൾ സ്ഥാപിക്കുവാൻ സാധിച്ചിരുന്നില്ല. ആയതിന്റെ അടിസ്ഥാനത്തിൽ അഴീക്കോട് പഞ്ചായത്തിൽ നിന്നും പുതിയ കെട്ടിടം നിർദ്ദേശിച്ചിരുന്നു. പഞ്ചായത്ത് പുതുതായി നിർദ്ദേശിച്ച കെട്ടിടത്തിൽ ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 3 | കൃഷ്ണ മേനോൻ മെമ്മോറിയൽ ഗവ. വുമൺസ് കോളേജിലെ സ്റ്റേഡിയം നിർമ്മാണം | 5,00,00,000 /- | ഹോസ്റ്റൽ ബിൽഡിംഗിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഗ്രൗണ്ട് ഫ്ളോറിന്റെ ലിന്റിൽ ലെവൽ വരെയുള്ള പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 15% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | അഴീക്കോട് നിയോജക മണ്ഡലത്തിലെ വളപട്ടണം സി.എച്ച്.എം.കെ.എസ് മെമ്മോറിയൽ ജി.എച്ച്.എസ്.എസിലെ | 65,00,000/- | 25.02.2025 തീയ്യതിയിൽ നിർമ്മാണോദ്ഘാടനം നിർവ്വഹിക്കുകയും. പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഗ്രൗണ്ട് ഡെവലപ്മെൻറ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | കായിക അടിസ്ഥാന സൗകര്യ വികസനപ്രവൃത്തി | | 80% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 ഫെബ്രുവരി മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 5 | ഗവ. റീജിണൽ ഫിഷറീസ് ടി.വി. എച്ച്.എസ്.എസ് അഴീക്കൽ | 66,94,000/- | സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആവശ്യമുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് നൽകുവാൻ സ്കൂളിനോട് ആവശ്യപ്പെട്ട പ്രകാരം 27.01.2026 തീയ്യതിയിൽ സ്കൂളിൽ നിന്നും ഉപകരണങ്ങളുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| പൂർത്തീകരിച്ച പ്രവൃത്തികൾ | | | |
| 1 | മീൻകുന്ന് ജി.എച്ച്.എസ്.എസിലെ കോമ്പൗണ്ട് വാൾ നിർമ്മാണം | 35,00,000/- | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | മീൻകുന്ന് ജി.എച്ച്.എസ്.എസ് ഗ്രൗണ്ട് | 25,97,800/- | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | അഴീക്കോട് ഗവ. ഹൈ സ്കൂളിലെ ഗ്രൗണ്ട് വികസന പ്രവൃത്തി | 15,00,000/- | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | പാപ്പിനിശ്ശേരി ബഡ്സ് സ്കൂളിലെ കളിസ്ഥലം നിർമ്മാണം | 50,00,000/- | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | അഴീക്കോട് പഞ്ചായത്ത് സ്റ്റേഡിയം - വൻകുളത്ത് വയൽ (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | 1,00,00,000/- | പ്രവൃത്തി പൂർത്തീകരിച്ചു |
| പ്രവൃത്തി ആരംഭിക്കുന്നവ | | | |
| 1 | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി - പള്ളിക്കുന്ന് മിനി സ്റ്റേഡിയം, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ | 1,00,00,000/- | പള്ളിക്കുന്ന് മിനി സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി ബഹു. അഴീക്കോട് നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. 08.11.2025 തീയ്യതിയിലെ കായിക വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതിയും നൽകിയിരുന്നു. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും. ചെയ്തു. ശ്രീ. അബ്ദുൾ സമദ്. പി.പി. തളിപ്പറമ്പ് എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2 | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി - നാറാത്ത് ഗ്രാമപഞ്ചായത്തിലെ നാറാത്ത് മിനി സ്റ്റേഡിയം വികസനം | 70,00,000/- | നാറാത്ത് മിനി സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി ബഹു. അഴീക്കോട് നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 35.00 ലക്ഷം രൂപയുടെ ഭരണാനുമതിയും 08.11.2025 തീയ്യതിയിലെ കായിക വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്ക് 70.00 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതിയും നൽകിയിരുന്നു. 65.72 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും. ചെയ്തു. ശ്രീ. മുഹമ്മദ് റാഫി, തളിപ്പറമ്പ് എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകിട്ടുണ്ട്.<br>കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| 3 | അഴീക്കോട് നിയോജക മണ്ഡലത്തിലെ തിരഞ്ഞെടുത്ത 54 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം | 4,81,000/- | പ്രസ്തുത പ്രവൃത്തിക്കായി ബഹു. അഴീക്കോട് നിയോജക മണ്ഡലം എം.എൽ.എയുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി 4,81,000/- രൂപയുടെ ഭരണാനുമതിയും, 4.47,000/- രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതിയും നൽകുകയും 14.10.2025, 03.11.2025 & 23.12.2025 എന്നീ തീയ്യതികളിലായി |

| | | | |
|---|---|---|---|
| | | | ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ ആദ്യ രണ്ട് ദർഘാസിലും കരാറുകാർ ആരും തന്നെ പങ്കെടുത്തിരുന്നില്ല. മൂന്നാമത്തെ ദർഘാസിൽ പങ്കെടുത്ത കരാറുകാരന് ടെണ്ടറിൽ പറഞ്ഞിരിക്കുന്ന യോഗ്യതയില്ലാത്തതിനാൽ 28.01.2026 തീയ്യതിയിൽ പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**